വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹൈസ്കൂളിലെ 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ കമ്പ്യൂട്ടർ സാക്ഷരരാക്കുന്നതിനായി 'കേന്ദ്ര പദ്ധതിയായ ക്ലാസ് പ്രോജക്ട്' പ്രകാരവും, സംസ്ഥാന സർക്കാരിന്റെ കമ്പ്യൂട്ടർ സാക്ഷരത പരിപാടി പ്രകാരവും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. ഈ രണ്ടു പദ്ധതികളിലുംകൂടി സംസ്ഥാനത്ത് മൊത്തം 519 സ്കൂളുകളിൽ 3 മുതൽ 5 കമ്പ്യൂട്ടർ വീതം വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) കേന്ദ്ര ആവിഷ്കൃത പദ്ധതിയായ 'ക്ലാസ് പ്രോജക്ട്' പ്രകാരം 194 സ്കൂളുകളിൽ കമ്പ്യൂട്ടർ സാക്ഷരത വിദ്യാഭ്യാസം 8,9,10 ക്ലാസുകളിൽ നടപ്പിലാക്കി. ഇതിനുപുറമേ തെരഞ്ഞെടുത്ത ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ 'ക്ലാസ് പ്രോജക്ട്' എന്ന പദ്ധതി നിറുത്തലാക്കിയതിനാൽ സാമ്പത്തിക സഹായമൊന്നും ഇപ്പോൾ ലഭിക്കുന്നില്ലെങ്കിൽ കൂടി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കമ്പ്യൂട്ടർ സാക്ഷരത വിദ്യാഭ്യാസം നടത്തിവരുന്നുണ്ട്.

24 (*260) വിദ്യാർത്ഥി ശിക്ഷക് സ്കൂൾ കമ്പ്യൂട്ടർ സ്കീം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റ് ആരംഭിച്ച വിദ്യാർത്ഥി-ശിക്ഷക്-സ്കൂൾ കമ്പ്യൂട്ടർ സ്കീമിന്റെ പരിധിയിൽ സംസ്ഥാനത്തുള്ള എത്ര സ്കൂളുകൾ ഉൾപ്പെടുന്നുണ്ട്;

(ബി) ഈ സ്കീമനുസരിച്ച് എന്തെല്ലാം ഗുണം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കും ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഈ സ്കീം സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

25 (*261) തിരുവനന്തപുരം ബൈപാസ്

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ തിരുവനന്തപുരം ബൈപാസിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പണി എന്നു പൂർത്തിയാക്കണമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ഇപ്പോൾ പണിയുടെ എത്ര ശതമാനം പൂർത്തിയായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി ഏതെല്ലാം പാലത്തിന്റെ പണി തീരാനുണ്ട്;

(ഡി) ഈ റോഡിനുവേണ്ടി എവിടെയെല്ലാം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാനുണ്ട്;

(ഇ) ഇപ്പോഴത്തെ നിലയിൽ ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)മുതൽ(ഇ)വരെ കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പണി ഇതുവരെ 80% പൂർത്തിയായി. ചാക്ക റെയിൽവേ മേൽപ്പാലത്തിന്റെ പണികളും ആക്കുളം പാലത്തിന്റെ 10% പണിയും പൂർത്തിയാകാനുണ്ട്. രണ്ടാംഘട്ടത്തിന്റെ അലൈൻമെന്റ് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള അംഗീകാരം കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

26 (*262) പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന് പദ്ധതി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് മുന്നുനേരവും പോഷകാഹാരം നൽകുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയെങ്കിൽ നടപ്പിലാക്കിതുടങ്ങിയശേഷം കേന്ദ്രഗവണ്മെന്റ് എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഓരോ വർഷവും അനുവദിച്ചുതന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യധാന്യങ്ങൾ സൗജന്യമായിട്ടാണോ കേന്ദ്രം അനുവദിച്ചുകൊണ്ടിരിക്കുന്നത് എന്നും അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ എങ്ങനെ വിനിയോഗിച്ചു എന്നും വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)(ബി)&(സി) ഉച്ചഭക്ഷണ പരിപാടി സംസ്ഥാനത്ത് 1984 ഡിസംബറിൽ നടപ്പിൽ വരുത്തി. 1965-ൽ ഈ പദ്ധതി എല്ലാ പ്രൈമറി സ്കൂളുകളിലേക്കും (1 മുതൽ 4 വരെ) വ്യാപിപ്പിച്ചു. 1997-98 വർഷത്തിൽ കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനത്തെ എല്ലാ ഗവണ്മെന്റ് /ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള കുട്ടികളെ, സമഗ്ര പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു കുട്ടിക്ക് പ്രതിദിനം 100 ഗ്രാം വീതം അരി സൗജന്യമായി നൽകിവരുന്നു. ഇതുപയോഗിച്ച് നമ്മുടെ സംസ്ഥാനത്ത് പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മുന്നു നേരത്തെ ഭക്ഷണം നൽകുന്നതിന് 24.7.97-ലെ ഉത്തരവ് നമ്പർ(ആർ.ടി.) 2536/97/പൊ.വി. അനുസരിച്ച് ഒരു സ്കീം തയ്യാറാക്കിയിരുന്നു. ഇതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന കാരണത്താലും പ്രായോഗിക ബുദ്ധിമുട്ടുകളാലും, ഈ പരിപാടി പിന്നീട് ഭേദഗതി ചെയ്തു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര പോഷകാ

LIBRARY ARCHIVES Kerala Legislative Assembly